## യുയോമയ സഭ

**(www.yuyomayasabha.com)**

### യുയോമയാബ്ദം 138–ാമാണ്ട്

# നവവത്സര സന്ദേശം

### മഹത്വ പ്രത്യക്ഷതയിൻ പ്രകാശം (മൂന്നാംഭാഗം)
### നിത്യജീവ ഉടമ്പടി വാചകം

‘‘ഞങ്ങളുടെ ഭക്ഷണം, പാനീയം, വസ്ത്രം മുതലായതും എല്ലാ ഏർപ്പാടുകളും തൊഴിലുകളും സംസർഗ്ഗങ്ങളും ഞങ്ങളിൽ നിന്നുത്ഭവിക്കുന്ന സമസ്തവും ജീവിപ്പിക്കുന്ന ആത്മാവിന് അടുത്തതായിരിപ്പാൻ തക്കവണ്ണം ഞങ്ങളുടെ സകലത്തിൽനിന്നും എല്ലാ വർദ്ധനവിൽനിന്നും ദശാംശം നിശ്ചയമായി എന്നേക്കും പരമൈകൃതയ്ക്കു കൊടുത്തുകൊള്ളുന്നു എന്നുള്ള നിശ്ചയ ഉറപ്പോടുകൂടി ഞങ്ങൾ ഞങ്ങളിൽ തന്നെ ഉടമ്പടി ചെയ്തുകൊണ്ട് പരമ സ്വസ്ഥതയിൽ പ്രവേശിച്ചുകൊള്ളുകയും ഇങ്ങനെ ഞങ്ങളെ നിത്യസുവിശേഷമാക്കിക്കൊള്ളുകയും ചെയ്യുന്നു നിശ്ചയം ആമേൻ.

ഇക്കാര്യങ്ങൾക്ക് ഞങ്ങളെ പ്രാപ്തിപ്പെടുത്തുവാൻ ഞങ്ങളിൽ നിശ്ചയമായി വസിക്കുന്ന യ യേ യോയോവാം മഹാദൈവം സർവ്വശക്തനാകയാൽ അവൻ ഞങ്ങളെ തന്റെ നിത്യ ദേവാലയമാക്കി പ്രതിഷ്ഠിച്ച് അഭിഷേകം ചെയ്തിരിക്കുന്നു എന്നു ഞങ്ങൾ പൂർണമായി വിശ്വസിക്കുന്നു. ഇതിനു ഞങ്ങൾ പരമൈകൃതയ്ക്കു നൽകിവരുന്ന ദശാംശം ജീവമുദ്രയാകയാൽ ഈ വിശ്വാസത്താൽ ഞങ്ങൾ എന്നും ജീവിച്ചുകൊള്ളുന്നു. ആമെൻ, ആമെൻ, ആമെൻ, ആമെൻ’’

# യുയോമയം

യുയോമയ സഭയുടെ നാലു ഡിവിഷനിലുമുൾപ്പെട്ട സകല യോഗക്കാർക്കും എന്റെ വിശുദ്ധചുംബനം

പ്രിയമുള്ളവരേ,

യുയോമയാബ്ദം 138-ാമാണ്ട് ആരംഭം ആവിർമ്മോദം 1-ാം തീയതിയായ 2018 ഒക്ടോബർ 2-ാം തീയതി 23-ാം വാരവൃത്തം 1087-ാം ദിനം യത്നവാരമാകയാൽ അന്നേ ദിവസം എല്ലാവരും തങ്ങളുടെ പ്രാപ്തിപ്രകാരമുള്ള വിരുന്നോടുകൂടി മഹാദൈവാരാധന നടത്തുകയും തങ്ങളുടെ ജീവദശാംശങ്ങളെ സ്തോത്രവഴിപാടായി ജീവമേശയിൽ സമർപ്പിക്കുകയും ആ തൃക്കയ്യിൽനിന്നു വരുന്ന ഭക്ഷണപാനീയങ്ങളാൽ ആരോഗ്യപ്പെട്ട് മഹാസന്തോഷത്തിന്റെ കൂട്ടംശികളായിതീർന്നുകൊണ്ട് ഈ പുതിയ വത്സരത്തിലേക്കു പ്രവേശിച്ചുകൊള്ളുകയും ചെയ്‌വീൻ.

ഈ സന്ദർഭത്തിൽ അല്പം ചില കാര്യങ്ങൾകൂടി തിരുസഭയിൻ മക്കളുടെ ചിന്തയ്ക്കു വിഷയീഭവിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നാം നമ്മെതന്നെ ശോധനചെയ്യുകയും അന്വേഷിച്ചു കണ്ടെത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. നാം എവിടെനിന്നു വന്നു, എവിടേയ്ക്കു പോകുന്നു, ഇപ്പോൾ എവിടെയാണ് എന്നു ചിന്തിക്കുക. നമ്മുടെ ജീവിത പ്രമാണം നിത്യാക്ഷരങ്ങൾ എന്ന പേരിലുള്ള പന്ത്രണ്ടു പുസ്തകങ്ങളാണല്ലോ. ഇത് ന്യായപ്രമാണ സുവിശേഷങ്ങളും അവയോടു സമാന്തരമായി നിലവിൽ വന്നിട്ടുള്ള ഇതരമായ മതതത്വസംഹിതകളിലേയും പ്രവചനങ്ങളുടെ ശുഭ നിവൃത്തിയായ ഒരു നിയമമത്രെ. ഈ നിയമമനുസരിച്ച് മനുഷ്യന് എത്തിച്ചേരാവുന്ന എത്തിച്ചേരേണ്ടതായ സ്ഥലം സ്വർഗ്ഗമാണ്. സ്വർഗ്ഗം മൂന്നുണ്ടെന്ന് ബൈബിൾ ഘോഷിക്കുന്നു. (2 കോരി. 12.2) ഇതിൽ ഒന്നാമത്തെ സ്വർഗ്ഗം ന്യായപ്രമാണത്തെ അടിസ്ഥാനമാക്കിയുള്ള യഹുദസഭയും രണ്ടാമത്തെ സ്വർഗ്ഗം സുവിശേഷം അടിസ്ഥാന മാക്കിയുള്ള ക്രൈസ്തവ സഭയുമാകുന്നുവല്ലോ മൂന്നാം സ്വർഗ്ഗം ഭൂമിയിൽ സ്ഥാപിക്കുന്നതായി വെളിപ്പാട് 21-ാം അദ്ധ്യായം 2-ാം വാക്യത്തിൽ പറയുന്നു. എന്നാൽ ആയത് പ്രവചനമത്രെ. അതിന്റെ നിവൃത്തി യേശു ക്രിസ്താത്മജനും പരിശുദ്ധാത്മമൂർത്തിയുമായ യുസ്തുസ് യോസേഫ് മൂലം സാക്ഷാത്കരിച്ചിരിക്കയാണ്. പക്ഷെ ബാഹ്യദൃഷ്ടിക്ക് ഗോചരീഭവിക്കില്ല.

ദൈവം അബ്രഹാമിനു നൽകിയ വാഗ്ദത്തപ്രകാരം ഭൗമീക കനാൻ ഇസ്രായേലിന് അവകാശമായി നൽകുന്നു. ദാവീദു രാജാവിന്റെ കാലത്ത് ഇസ്രായേൽ ഒറ്റ ജനതയായിരുന്നു. ദാവീദിന്റെ രാജധാനിയും ശലോമോൻ പണിയിച്ചദേവാലയവും സമാനതകളില്ലാത്തതായിരുന്നു. എന്നാൽ പിന്നീട് ഇസ്രായേലിൽ വിഭാഗീയത നടമാടി. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ജനം അഭയം കണ്ടെത്തി. യഹൂദ ജനത്തിന്റെ രക്ഷകനായി ക്രിസ്തു അവതരിക്കുന്നു. പക്ഷെ ക്രിസ്തു ക്രൂശിക്കപ്പെട്ടു. യരുശലേം ദേവാലയവും ദാവീദിന്റെ രാജധാനിയും കല്ലിന്മേൽ കല്ലുശേഷിക്കാത്ത നാളുകൾ വരുമെന്ന് ക്രിസ്തു പ്രവചിച്ചു. അതേ പ്രകാരം സംഭവിച്ചു. തന്നെയുമല്ല യഹൂദജനം ബാബിലോന്യ അടിമാവാസത്തിലേക്കു കൊണ്ടു പോകപ്പെട്ടു. ബാബേൽ പ്രവാസത്തിന്റെ കയ്പേറിയ അനുഭവത്തിൽ അവർ പറഞ്ഞു ''ഞങ്ങൾ സീയോനെ ഓർത്തപ്പോൾ കരഞ്ഞു'' (സങ്കീ. 137) ഇത് ദൈവജനങ്ങൾക്ക് പാഠമാകണം. ഈ അവസരത്തിൽ നാം എവിടെ ജീവിക്കുന്നു എന്നുള്ളതാണ് ചിന്തിക്കേണ്ട വിഷയം. വെളിപാടിലെ പ്രവചനങ്ങൾ നിത്യനിയമ പുരുഷൻ മുഖാന്തിരമായി സാക്ഷാത്കരിച്ച് നമ്മെ അവിടെയാണ് ആക്കിവച്ചിരിക്കുന്നത്. നാം ആയതിനെ ആരാഞ്ഞറിഞ്ഞ് അനുഭവമാക്കിക്കൊള്ളേണ്ടതാകുന്നു. നമ്മെ രാജപുരോഹിതവർഗ്ഗമായിട്ടത്രെ ആക്കിയിരിക്കുന്നത്. രാജത്വവും ആചാര്യത്വവും നമ്മിൽ നിക്ഷിപ്തമാണ്. ദൈവം നമുക്കു നൽകിയിരിക്കുന്ന ഐഹീകജീവിതത്തിൽ നമ്മുടെ ചിന്തയും പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ സ്ഥാനങ്ങൾക്ക് ഉചിതമായിരിക്കേണ്ടതുണ്ട്. അപ്രകാരമായിരുന്നാൽ മഹാസന്തോഷവും പരമസ്വസ്ഥതയും അനുഭവമാകും.

നമ്മുടെ ആരാധനയുടെ മഹത്വം നാം ദർശിക്കണം. ന്യായപ്രമാണ കാലത്ത് ആരാധനാവസ്തു മൃഗബലി നടത്തി അതിന്റെ മാംസവും രക്തവും ആയിരുന്നല്ലോ. കൂടാതെ പരിഛേദന എന്ന ഒരു കർമ്മവും അനുഷ്ഠിച്ചിരുന്നു. ഇത് ഒന്നാം സ്വർഗ്ഗത്തിലെ കാര്യമാണ്. യഹൂദ ജനത്തിനു വാഗ്ദത്തം ചെയ്തിരുന്ന രക്ഷകൻ അവതരിച്ചു. ന്യായപ്രമാണപ്രകാരമുള്ള ആരാധനാവസ്തുവിനു മാറ്റം വരുത്തി. തന്റെ ശരീരവും രക്തവുമായ അപ്പവീഞ്ഞുകൾ അപ്പോസ്തോല ഐക്യതയാകുന്ന രണ്ടാം സ്വർഗ്ഗത്തിൽ ക്രിസ്തു ഏല്പിക്കുന്നു. പരിഛേദനയ്ക്കുപകരം സ്നാനം എന്ന കർമ്മം നിലവിൽവരികയും ചെയ്തു. അപ്പോസ്തോലരിൽ ഏല്പിച്ച ആരാധനാവസ്തുവിൽ വീഞ്ഞു നൽകുമ്പോൾ ക്രിസ്തു ഒരു പ്രത്യേക കാര്യം കൂടെ

ഓർമ്മപ്പെടുത്തുന്നുണ്ട്. അതായത് ഇത് എന്റെ പിതാവിന്റെ രാജ്യത്തിൽ പുതുതാക്കപ്പെടേണ്ടുന്നതായിട്ടുണ്ട് എന്നത്രെ. അതനുസരിച്ച് പിതാവിന്റെ രാജ്യമായ മൂന്നാം സ്വർഗ്ഗം ഇവിടെ സ്ഥാപിച്ചുകൊണ്ട് ആരാധനാവസ്തു അപ്പവും വെള്ളവുമാക്കി തീർക്കുകയും ചെയ്തു. ഇതിന്റെ പടമാണ് ക്രിസ്തു ക്രൂശിൽ കിടന്നപ്പോൾ ഒരു പടയാളി കുന്തം കൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തിയപ്പോൾ രക്തവും രണ്ടാമതായി വെള്ളവും പുറപ്പെട്ടു എന്നു എഴുതിയിരിക്കുന്നത്. സ്നാനത്തിനു പകരം രാജപുരോഹിത പദവി നൽകുന്ന പട്ടാഭിഷേകം ഏർപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം സകല മാനുഷമക്കൾക്കും ദൈവത്തിന്റെ നാലാം തലമുറയിലെ യോഹന്നാൻ എന്ന പദവി വ്യവസ്ഥകൾക്കു വിധേയമായി നൽകപ്പെട്ടിരിക്കുകയാണ്. ക്രിസ്തു ക്രൂശിൽ കിടന്നുകൊണ്ട് യോഹന്നാനെ ചൂണ്ടിക്കാട്ടി തന്റെ മാതാവിനോടു പറഞ്ഞത് നിത്യനിയമം മൂലം യാഥാർത്ഥ്യമായിത്തീർന്നിരിക്കയാണ്. ഇവിടെ 1 തിമൊ. 2:15-ഉം വെളിപാട് 12-6 വരെ വാക്യങ്ങളും വായിക്കുക.

മുമുക്ഷുക്കൾ മാത്രമെ ബ്രഹ്മജിജ്ഞാസയ്ക്ക് യോഗ്യരാകൂ. ഗുരുമുഖത്തുനിന്നും നേരിട്ട് ലഭിക്കേണ്ട ഉപദേശങ്ങൾ ഉണ്ട്. അത് പരമരഹസ്യത്തിൽപ്പെടും. ചൈതന്യം ആധാരങ്ങളിൽ അധിഷ്ഠിതമല്ല. അളവുകൾക്ക് വഴങ്ങുന്നതുമല്ല. കാലദേശാദിപരിധികളാൽ നിർണ്ണയിക്കപ്പെടാവുന്നതുമല്ല.

''അവൻ മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്ക്കരിച്ചുമിരിക്കുന്നു.''

ആകയാൽ വേദത്തിന്റെ കാതലായ സത്യത്തെ അന്വേഷിച്ച് കണ്ടെത്തി അതുവഴിയായി മഹാസന്തോഷവും പരമസ്വസ്ഥതയും ദൈവം നമുക്ക് നൽകിയിരിക്കുന്ന ഭൂമി ജീവിതത്തിൽ അനുഭവിപ്പാൻ തക്കവണ്ണം ഇതുവരെയും നമ്മെ വഴി നടത്തിയ പരമചതുര്യാവാകുന്ന മഹാദൈവം മേലാലും തൻ മഹത്വകരങ്ങളാൽ വഴി നടത്തി അനുഗ്രഹിക്കുമാറാകട്ടെ.

എന്ന്,

**പാ പാദ ആര്യൻ വറുഗീസ് ബോധകർ**

മല്ലപ്പള്ളി
ആര്യഭവനിൽനിന്നും
04.09.2018